Circular: 5/Gen /2018


# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**

**Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com**


## വിജ്ഞാപനം

സ്നേഹിതരെ,

ഈ വർഷത്തെ സൺഡേസ്കൂൾ ദിനം മെയ് 13-ാം തീയതിയാണെന്ന് അറിയാമല്ലോ. (സ്വർഗ്ഗാരോഹണപ്പെരുന്നാളിനുശേഷം വരുന്ന ആദ്യ ഞായറാഴ്ച). സൺഡേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ പണം സ്വരൂപിക്കുവാൻ കവർപിരിവു നടത്തുവാനുമുള്ള ദിവസമാണല്ലോ അത്. ഈ ദിവസത്തിന്റെ പ്രാധാന്യം സൂചിപ്പിച്ചുകൊണ്ട് പ. കാതോലിക്കാബാവാതിരുമേനി എല്ലാ ഇടവകകൾക്കും കല്പന അയയ്ക്കുന്നുണ്ട്. എല്ലാ സൺഡേസ്കൂളുകളിലും ഏറ്റവും ഉചിതമായ രീതിയിൽ ദിനാചരണം നടത്തുകയും പ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

അന്നത്തെ കവർപിരിവ് വിജയിപ്പിക്കുവാൻ ഹെഡ്മാസ്റ്റർമാരും അദ്ധ്യാപകരും സീനിയർ വിദ്യാർത്ഥികളും ഒത്തൊരുമിച്ചു പ്രവർത്തിക്കണം. കവറുകൾ സൺഡേസ്കൂൾ കുട്ടികൾക്കു മാത്രം കൊടുത്തയക്കാതെ ഇടവകയിലെ എല്ലാ ഭവനങ്ങളിലും എത്തിക്കുവാൻ ശ്രദ്ധിക്കണം. ഓരോ ഭവനത്തിലെയും ഗൃഹനാഥന്റെ പേരെഴുതി കവറുകൾ വിതരണം ചെയ്താൽ കൂടുതൽ ഫലപ്രദമാകും. അന്നത്തെ കാണിക്ക പൂർണമായും കേന്ദ്രത്തിലേക്കയക്കുന്നുണ്ട് എന്ന് സൺഡേസ്കൂളിന്റെ ചുമതലക്കാർ ഉറപ്പു വരുത്തണം.

വിവിധ ഭദ്രാസനങ്ങളിലെ കവർ വിതരണപ്രോഗ്രാം മറുപുറത്തു കൊടുത്തിരിക്കുന്നു. ഡയറക്ടർമാരും ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരും അതാതു സ്ഥലത്തു നിശ്ചിതസമയത്ത് എത്തിച്ചേരേണ്ടതും ഡയറക്ടർമാർ കവറുകൾ ഏറ്റുവാങ്ങി വിതരണം ചെയ്യേണ്ടതുമാണ്. പിരിവുകൾ പൂർത്തിയാക്കി ആഗസ്റ്റ് 11-ാം തീയതിക്കു മുൻപ് കേന്ദ്ര ഓഫീസിൽ ഏല്പിക്കണം. ആഗസ്റ്റ് 11-ാം തീയതി വാർഷിക പൊതുയോഗദിവസം കവർ പിരിവ് അടയ്ക്കുന്നതിനു സൗകര്യമുണ്ടായിരിക്കും.

SBI യുടെ എല്ലാ ശാഖകളിലും ഡയറക്ടർ ജനറൽ OSSAEയുടെ പേരിൽ Account Number 57017053258-ൽ പണമടയ്ക്കാവുന്നതാണ്. പണമടച്ച വിവരം രേഖാമൂലം ആവശ്യമായ ലിസ്റ്റു സഹിതം OSSAE ഓഫീസിൽ അറിയിക്കണം. Receipt No., Date, Amount, Name of Branch ഇവ എഴുതി അറിയിക്കണം.

നന്മകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

Devalokam
31-03-2018

**റജി മാത്യൂസച്ചൻ**
ഡയറക്ടർ ജനറൽ

ചുവടെ കൊടുത്തിരിക്കുന്ന ക്രമീകരണം അനുസരിച്ച് നിശ്ചിത സമയത്ത് സൺഡേ സ്കൂൾ പ്രവർത്തകർ അവിടെ എത്തിച്ചേരുന്നതാണ്. ആവശ്യമായ സഹകരണങ്ങൾ നൽകുമല്ലോ.

## കവർ വിതരണം

### പ്രോഗ്രാം

| | | |
|---|---|---|
| **13-04-2018 വെള്ളി** | | **ഭദ്രാസനം** |
| 10 a.m. | സെന്റ് ജോൺസ് വലിയപള്ളി, പാമ്പാക്കുട | കണ്ടനാട് വെസ്റ്റ് |
| 11 a.m. | മൂവാറ്റുപുഴ അരമന | കണ്ടനാട് ഈസ്റ്റ് |
| 2.00 p.m. | ആലുവ തൃക്കുന്നത്തു സെമിനാരി | അങ്കമാലി |
| 4 p.m. | സെന്റ് ഇഗ്നേഷ്യസ് പള്ളി<br>വെസ്റ്റ് ഫോർട്ട്, തൃശൂർ | കൊച്ചി, തൃശൂർ |
| 5.00 p.m. | കുന്നംകുളം അരമന | കുന്നംകുളം |
| **14-04-2018 ശനി** | | |
| 10.30 a.m. | സെന്റ് ജോർജ് ചർച്ച്, വടപുറം | മലബാർ |
| 2 p.m. | നിർമ്മലഗിരി, അരമന | സുൽത്താൻ ബത്തേരി |
| **14-04-2018 ശനി** | | |
| 9.30 a.m. | ബഥനി അരമന, തിരുവല്ല | നിരണം |
| 10.00 a.m. | തെയോഭവൻ, തഴക്കര, മാവേലിക്കര | മാവേലിക്കര |
| 11.00 a.m. | ബഥേൽ അരമന, ചെങ്ങന്നൂർ | ചെങ്ങന്നൂർ |
| 12.30 p.m. | ബേസിൽ അരമന, പത്തനംതിട്ട | തുമ്പമൺ |
| 2.00 p.m. | സെന്റ് തോമസ് അരമന, ഇട്ടിയപ്പാറ | നിലയ്ക്കൽ |
| **14-04-2018 ശനി** | | |
| 10 a.m. | എപ്പിഫാനിയോസ് സെന്റർ, അടൂർ | അടൂർ-കടമ്പനാട് |
| 11 a..m. | കോട്ടപ്പുറം സെമിനാരി, കൊട്ടാരക്കര | കൊട്ടാരക്കര-പുനലൂർ |
| 12.30 p.m. | വി.എം.ഡി.എം. സെന്റർ, ഇടമുളയ്ക്കൽ | തിരുവനന്തപുരം |
| 2.30 p.m. | കുണ്ടറ സെമിനാരി, കൊല്ലം | കൊല്ലം |
| 4.00 p.m. | കെ.എം.ജി. സെന്റർ, കോട്ടയം | കോട്ടയം,<br>കോട്ടയം സെൻട്രൽ |
| **18-04-2018 ബുധൻ** | | |
| 2.00 p.m. | ഗത്സീമോൻ അരമന, ചക്കുപള്ളം | ഇടുക്കി |